കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

**സർക്കുലർ നം.4545624/ബി2/2020/ഭ.പൊ.വി.വ തീയതി 21.08.2020**

വിഷയം :- കോവിഡ് - 19 പൊതുവിതരണം സുഗമമായി നടത്തുന്നതിനുള്ള മുൻ കരുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

ലോകാരോഗ്യ സംഘടന കോവിഡ് - 19 എന്ന പകർച്ചവ്യാധിയെ ഒരു മഹാമാരിയായി പ്രഖ്യാപിച്ച നാളിതുവരെയും രോഗപ്പകർച്ചയ്ക്ക് യാതൊരുവിധ കുറവുമില്ലാതെ ലോകമെമ്പാടുമുള്ള ജനതയുടെ സുഗമമായ ജീവിതത്തെ പ്രത്യക്ഷമായും പരോക്ഷമായും ബാധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ പൊതുവിതരണ ശൃംഖലയാണ് (റേഷൻ കടകൾ, സപ്ലൈകോ കടകൾ മുതലായവ) ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നത്. ആയതിനാൽ കോവിഡ് 19 സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം എങ്ങനെ സുഗമമായി നടത്താം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**റേഷൻ കടകൾക്കുള്ള മാർഗ്ഗനിർദേശങ്ങൾ**

- റേഷൻ കടകളുടെ, സപ്ലൈകോ കടകളുടെ മുൻഭാഗത്തായി കൈകൾ ശുചിയാക്കുന്നതിനുള്ള സംവിധാനം (ഹാൻഡ് സാനിട്ടൈസർ/ സോപ്പ്, വെള്ളം) എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.
- കടകളിൽ വരുന്നവർ കടയിൽ പ്രവേശിക്കുന്നതിന് മുൻപ് കൈകൾ ശുചിയാക്കുന്നു എന്ന് ലൈസൻസി/സെയിൽസ്മാൻ ഉറപ്പുവരുത്തേണ്ടതാണ് .
- റേഷൻ കടകളിൽ സാധനം വാങ്ങാൻ വരുന്നവർ കൃത്യമായി സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ലൈസൻസി/സെയിൽസ്മാൻ ഉറപ്പുവരുത്തണം.

- ലൈസൻസി/സെയിൽസ്മാൻ, കടയിൽ വരുന്നവരും ശരിയായി മാസ്ക്ക് ധരിക്കേണ്ടതാണ്.
- മാസ്ക്ക് ശരിയായ വിധത്തിൽ ധരിക്കാതെ വരുന്നവരെ ഒരു കാരണവശാലും കടയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
- ബയോമെട്രിക് സംവിധാനം ഉപയോഗിക്കുമ്പോൾ ഓരോ ഉപഭോക്താവിന്റെയും കൈവിരലടയാളം പതിപ്പിക്കുന്നതിനു മുൻപ് കൈവിരൽ ഹാൻഡ് സാനിട്ടൈസർ/ സോപ്പ്, വെള്ളം ഉപയോഗിച്ച് വൃത്തിയാക്കേണ്ടതാണ്/ അണുവിമുക്തമാക്കേണ്ടതാണ്.
- ഹാൻഡ് സാനിട്ടൈസർ ഉപയോഗിച്ചതിനു ശേഷം 10 സെക്കന്റ് കഴിഞ്ഞതിനു ശേഷം മാത്രമേ മെഷീനിൽ കൈ വിരൽ പതിപ്പിക്കുവാൻ പാടുള്ളൂ.
- പരമാവധി ശാരീരിക അകലം പാലിച്ച ഉപഭോക്താക്കൾ കൊണ്ടുവരുന്ന ബാഗുകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ നൽകേണ്ടതാണ്.
- ഭക്ഷ്യധാന്യങ്ങൾ കടയിലേക്ക് കൊണ്ടുവരുന്ന വാഹനത്തിലെ ജീവനക്കാരും സാധനങ്ങൾ ഇറക്കി വയ്ക്കുന്നതിനു സഹായിക്കുന്ന ലോഡിംഗ് തൊഴിലാളികളും കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- സെയിൽസ്മാൻ/ ലൈസൻസി വീട്ടിൽ തിരികെ എത്തിയാൽ ഉടനെ ധരിച്ചിരുന്ന വസ്ത്രങ്ങൾ, മാസ്ക്ക് എന്നിവ മാറി കുളിച്ചതിനു ശേഷം മാത്രമേ വീട്ടിലുള്ളവരുമായി സമ്പർക്കത്തിൽ വരാൻ പാടുള്ളൂ.
- എല്ലാദിവസവും കുറഞ്ഞത് 1 തവണ 1% വീര്യമുള്ള ബ്ലീച്ച ലായനി ഉപയോഗിച്ച് കടകൾ അണുനശീകരണം വരുത്തേണ്ടതാണ്.
(ബ്ലീച്ച് ലായനി തയ്യാറാക്കുന്ന രീതി ഹെൽത്ത് ഇൻസ്പെക്ടർ, ആശാ വർക്കർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവരിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.)
- എപ്പോഴും സ്പർശിക്കാൻ സാദ്ധ്യതയുള്ള പ്രതലങ്ങളായ മേശ, കസേര, ഭക്ഷ്യധാന്യങ്ങൾ അളക്കുന്ന ത്രാസ് മുതലായവ കുറഞ്ഞത് 2 തവണ ഈതയിൽ/ഐസോപ്രോപ്പയിൽ ആൽക്കഹോൾ അഥവാ 1% ബ്ലീച് ലായനി ഉപയോഗിച്ച് തുടയ്ക്കേണ്ടതാണ്.
- കടയിൽ വന്നുപോയ ഏതെങ്കിലും ഉപഭോക്താവിനോ, ജീവനക്കാരനോ/ ലൈസൻസി covid പോസിറ്റീവ് ആയാൽ ഉടനെ കടകൾ 1% ബ്ലീച് ലായനി ഉപയോഗിച്ച് അണുനശീകരണം വരുത്തി 1 മുതൽ 2 മണിക്കൂറിനുശേഷം തുറന്ന് പ്രവർത്തിക്കാവുന്നതാണ്. ഇക്കാരണത്താൽ കടകൾ ഒന്നിൽ കൂടുതൽ ദിവസം അടച്ചിടുവാൻ പാടുള്ളതല്ല.

- പോസിറ്റീവ് ആയ വ്യക്തിയുമായി നേരിട്ട് ബന്ധം പുലർത്തിയവർ പ്രാഥമിക (പ്രൈമറി) സമ്പർക്കത്തിലുള്ളവരാണ്. ആയതിനാൽ ഈ വ്യക്തിയുമായി സമ്പർക്കം വന്ന ജീവനക്കാർ നിരീക്ഷണത്തിൽ പോകേണ്ടതാണ്.
- പോസിറ്റീവ് ആയ വ്യക്തിയുമായി സമ്പർക്കം വന്ന ദിവസം മുതൽ 14 ദിവസം കർശനമായും വീടിനുള്ളിൽ സമ്പർക്ക വിലക്കിൽ/ ക്വാറന്റയിനിൽ കഴിയേണ്ടതാണ്.
- ഒരു കാരണവശാലും പ്രാഥമിക (പ്രൈമറി) സമ്പർക്കത്തിലുള്ളവർ പുറത്തു പോകാൻ പാടില്ല.
- രോഗിയുമായി നേരിട്ട് ബന്ധം പുലർത്തിയവർ പ്രാഥമിക (പ്രൈമറി) സമ്പർക്കത്തിലുള്ളവർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ക്വാറന്റയിൻ മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണ്
- ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം ടെസ്റ്റ്/ കോവിഡ് പരിശോധന നടത്തേണ്ടതാണ്.
- 65 വയസ്സിൽ കൂടുതൽ പ്രായമുള്ള ലൈസൻസി/ സെയിൽസ്മാൻ കടകൾ പ്രവർത്തിപ്പിക്കുന്നതിൽ നിന്നും ഒഴിവായി നിൽക്കേണ്ടതാണ്.

## <u>ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന NFSA ഗോഡൌണിലെ ജീവനക്കാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

- ഗോഡൗണിന്റെ മുൻഭാഗത്തായി കൈകൾ ശുചിയാക്കുന്നതിനുള്ള സംവിധാനം (ഹാൻഡ് സാനിട്ടൈസർ, സിങ്ക്, സോപ്പ് സോലൂഷൻ) എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.
- ഗോഡൗണിൽ ജോലിക്ക് വരുന്നവർ(ജീവനക്കാരും,ലോഡിംഗ് തൊഴിലാളികളും) ഗോഡൗണിൽ പ്രവേശിക്കുന്നതിന് മുൻപ് കൈകൾ ശുചിയാക്കുന്നു എന്ന് OIC ഉറപ്പുവരുത്തേണ്ടതാണ് .
- ജീവനക്കാർ തമ്മിലും ലോഡിംഗ് തൊഴിലാളികൾ തമ്മിലും പരമാവധി സാമൂഹിക അകലം പാലിച്ചുകൊണ്ടുമാത്രം ജോലികളിൽ ഏർപ്പെടേണ്ടതാണ്.
- ജീവനക്കാരും ലോഡിംഗ് തൊഴിലാളികളും കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ജീവനക്കാരും മറ്റു തൊഴിലാളികളും ശരിയായി മാസ്ക് ധരിക്കേണ്ടതാണ്.

- ലോറി ഡ്രൈവർമാരുമായി തൊഴിലാളികൾ അടുത്തിടപഴകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
- മാസ്ക് ശരിയായ വിധത്തിൽ ധരിക്കാതെ വരുന്ന ജീവനക്കാരേയും തൊഴിലാളികളെയും ഒരു കാരണവശാലും ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
- ഗോഡൗണിൽ ജോലിക്ക് വരുന്ന തൊഴിലാളികളുടെയും ജീവനക്കാരുടെയും മറ്റു സന്ദർശകരുടെയും പ്രാഥമിക വ്യക്തിഗത വിവരങ്ങൾ (പേര്,വയസ്സ്,സ്ഥലം, സമയം,ഫോൺ നമ്പർ) എന്നിവ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
- എല്ലാദിവസവും കുറഞ്ഞത് 2 തവണയെങ്കിലും ഗോഡൗണുകളിൽ 1 % വീര്യമുള്ള ബ്ലീച്ച ലായനി ഉപയോഗിച്ച് അണുനശീകരണം വരുത്തേണ്ടതാണ്.
- ഗോഡൗണിലെ വായു സഞ്ചാരമില്ലാത്ത മുറികളിൽ ജീവനക്കാർ കൂടുതൽ സമയം ചിലവഴിക്കരുത് .
- ഗോഡൗണിലെ ജീവനക്കാരനോ ലോഡിംഗ് തൊഴിലാളികളോ പോസിറ്റീവ് ആയാൽ ഉടനെ ഗോഡൗൺ 1% ബ്ലീച് ലായനി ഉപയോഗിച്ച് അണുനശീകരണം വരുത്തി 1 മുതൽ 2 മണിക്കൂറിനുശേഷം തുറന്ന് പ്രവർത്തിക്കാവുന്നതാണ്. ഇക്കാരണത്താൽ ഗോഡൗണുകൾ ഒന്നിൽ കൂടുതൽ ദിവസം അടച്ചിടുവാൻ പാടുള്ളതല്ല.
- ജീവനക്കാരനോ ലോഡിംഗ് തൊഴിലാളികളോ പോസിറ്റീവ് ആയാൽ സമ്പർക്കപട്ടിക തയ്യാറാക്കുന്നതിന് വ്യക്തിഗത വിവരങ്ങൾ ശേഖരിച്ച രജിസ്റ്ററിൽ നിന്നും കൃത്യമായ വിവരങ്ങൾ ആരോഗ്യപ്രവർത്തകർക്ക് നൽകേണ്ടതാണ്.
- സമ്പർക്ക പട്ടികയിലുള്ളവരുടെ കോണ്ടാക്ട് നമ്പരിൽ അവരെ ബന്ധപ്പെട്ടു വിവരം അറിയിച്ചാൽ അവർക്ക് യഥാസമയം സ്വയം നിരീക്ഷണത്തിൽ പോകാൻ കഴിയുന്നതാണ്.
- പോസിറ്റീവ് ആയ വ്യക്തിയുമായി നേരിട്ട് ബന്ധം പുലർത്തിയവർ പ്രാഥമിക (പ്രൈമറി) സമ്പർക്കത്തിലുള്ളവരാണ്. ആയതിനാൽ ഈ വ്യക്തിയുമായി സമ്പർക്കം വന്ന ജീവനക്കാർ നിരീക്ഷണത്തിൽ പോകേണ്ടതാണ്.
- പോസിറ്റീവ് ആയ വ്യക്തിയുമായി സമ്പർക്കം വന്ന ദിവസം മുതൽ 14 ദിവസം കർശനമായും വീടിനുള്ളിൽ സമ്പർക്ക വിലക്കിൽ / ക്വാറന്റയിനിൽ കഴിയേണ്ടതാണ്.

- ഒരു കാരണവശാലും പ്രാഥമിക (പ്രൈമറി) സമ്പർക്കത്തിലുള്ളവർ പുറത്ത് പോകാൻ പാടില്ല.
- രോഗിയുമായി നേരിട്ട് ബന്ധം പുലർത്തിയവർ പ്രാഥമിക (പ്രൈമറി) സമ്പർക്കത്തിലുള്ളവർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ക്വാറന്റയിൻ മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണ്
- ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം ടെസ്റ്റ്/ കോവിഡ് പരിശോധന നടത്തേണ്ടതാണ്.

**പി.വേണുഗോപാൽ ഐ.എ.എസ്**
**സെക്രട്ടറി**

സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും
എല്ലാ താലൂക്ക് സപ്ലൈ /
സിറ്റി റേഷനിംഗ് ഓഫീസർമാർക്കും } സിവിൽ സപ്ലൈസ് ഡയറക്ടർ മുഖാന്തിരം

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്